(ബി) 14-5-2015-ലാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ അവസാനമായി വിതരണം ചെയ്തത്.

(സി) 2015 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 15,000 രൂപയ്ക്ക് മുകളിൽ പെൻഷനുള്ള പെൻഷൻകാർക്ക് ശേഷിക്കുന്ന തുക 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ട്.

(ഡി) പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുമൂലം ഇത്തരം സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിതമായി (പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 2014 ഡിസംബർ മാസത്തെ പെൻഷൻ തുക (15,000 രൂപ വരെയുള്ളത്) വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ യൂണിഫോം പരിഷ്കരണം

316 (320) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) യൂണിഫോം പരിഷ്കരണം എന്ന് മുതൽ നടപ്പിലാക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) യൂണിഫോം അലവൻസ് തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ ;

(ഡി) യൂണിഫോം പരിഷ്കരണംമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(a) കണ്ടക്ടർ/ഡ്രൈവർ:- എല്ലാത്തരം ബസുകളിലെയും കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നിലവിലെ കാക്കി നിറത്തിന് പകരം ഏകീകൃതമായി നേവി ബ്ലൂ പാന്റ്സ് & സ്കൈ ബ്ലൂ ഷർട്ട്/ചുരിദാർ.

(b) ഇൻസ്പെക്ടർ/ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ:- കറുത്ത പാന്റ്സ് & ഇളംവെള്ള ഷർട്ട്, കോർപ്പറേഷന്റെ പേരും എംബ്ലവും തസ്തികയും രേഖപ്പെടുത്തിയ നാമഫലകം (ഡെസിഗ്നേഷൻ ബോർഡ്) വച്ച ഒരു പോക്കറ്റ് ഉള്ള അരക്കൈ ഷർട്ട് ഇൻ ചെയ്യേണ്ടതാണ്. ഷർട്ടിനോടൊപ്പം ധരിക്കേണ്ട കോർപ്പറേഷന്റെ പേരും, എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം കോർപ്പറേഷൻ നിർമ്മിച്ച് നൽകും.

(c) വെഹിക്കിൾ സൂപ്പർവൈസർ/ചാർജ്ജ്മാൻ/സ്റ്റേഷൻമാസ്റ്റർ:- കറുത്ത പാന്റ്സ് & ഇരുണ്ട ക്രീം (Dark Cream) ഷർട്ട്. കോർപ്പറേഷന്റെ പേരും, എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം (ഡെസിഗ്നേഷൻ ബോർഡ്) വച്ച ഒരു പോക്കറ്റ് ഉള്ള അരക്കൈ ഷർട്ട് ഇൻ ചെയ്യേണ്ടതാണ്. ഷർട്ടിനോടൊപ്പം ധരിക്കേണ്ട നാമഫലകം കോർപ്പറേഷൻ നിർമ്മിച്ച് നൽകും.

(d) സ്റ്റോർ ഇഷ്യൂവർ/പ്യൂൺ: ബ്രൗൺ പാന്റ്സും ഷർട്ടും, വനിതകൾക്കും ബ്രൗൺ സാരിയും ബ്ലൗസും.

(e) സ്വീപ്പർ/ഗ്യാരേജ് മസ്ദൂർ:-നേവി ബ്ലൂ പാന്റ്സും ഷർട്ടും, വനിതകൾക്ക് നേവി ബ്ലൂ സാരിയും ബ്ലൗസും.

(f) മെക്കാനിക്ക്/പമ്പ് ഓപ്പറേറ്റർ:- ഇരുണ്ട ചാര നിറത്തിലുള്ള (Dark Ash) പാന്റ്സ് & ഷർട്ട്.

(g) ടയർ ഇൻസ്പെക്ടർ:- നേവി ബ്ലൂ പാന്റ്സും, സ്കൈ ബ്ലൂ ഷർട്ടും.

(h) സെക്യൂരിറ്റി വിഭാഗം:- കാക്കി പാന്റ്സ് & ഷർട്ട്, ബൽറ്റ്, തൊപ്പി, രണ്ട് പോക്കറ്റോടുകൂടിയ അരക്കൈ ഷർട്ട് ഇൻ ചെയ്ത് ബൽറ്റ് ധരിക്കേണ്ടതാണ്.

(ബി) 2015 ജൂലൈ 1 മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ജൂൺ 20-നകം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരുടെ യൂണിഫോമിന്റെ നിറവും ഘടനയും മാത്രമാണ് പരിഷ്കരിച്ചിരിക്കുന്നത്. യൂണിഫോം അലവൻസായി അനുവദിച്ച് വന്നിരുന്ന തുകയിൽ (1,000 രൂപ, 1,250 രൂപ) യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിൽ അധിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

കെ.എസ്.ആർ.ടി.സി - ഫെയർ സ്റ്റേജിലെ അപാകതകൾ

317 (321) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് ബസ്ചാർജ് വർദ്ധിപ്പിക്കുമ്പോൾ ഫെയർ സ്റ്റേജിലുണ്ടാകുന്ന അപാകത സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫെയർ സ്റ്റേജുകൾ കൃത്യമായി കണക്കാക്കി അതിനനുസരണമായി ചാർജ് നിശ്ചയിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ഇതിലെ അപാകതകൾ അടിയന്തരമായി പരിഹരിച്ച് ചാർജ്ജുകൾ പുനർനിർണ്ണയിക്കുന്നതിന് നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളാണ് ഫെയർസ്റ്റേജുകൾ കൃത്യമായി കണക്കാക്കി അതിനനുസരണമായി ചാർജ് നിശ്ചയിക്കുന്നത്. ഫെയർ സ്റ്റേജ് സംബന്ധിച്ചുള്ള പരാതികളോ അപാകതകളോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് ലഭിച്ചാൽ വേണ്ട അന്വേഷണം നടത്തി ഇത്തരം പരാതികൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുടെ പരിഗണനയ്ക്കായി സമർപ്പിച്ച് പരിഹാരം കണ്ടെത്താവുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത

318 (322) ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാദ്ധ്യത എത്രയെന്നും ഈ കടബാദ്ധ്യതകൾ ഏതൊക്കെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ ;

(ബി) ഓരോ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടങ്ങൾക്ക് കോർപ്പറേഷൻ എത്ര ശതമാനം വീതമാണ് പലിശയായി നൽകുന്നതെന്നും ഇതനുസരിച്ച് ഓരോ മാസവും എത്ര തുക വീതം പലിശയിനത്തിൽ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) കടം എടുത്തിരിക്കുന്നത് എത്ര വർഷം വീതമുള്ള തിരിച്ചടവ് കാലയളവിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly